REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 02-08-2025 | സമയം 12.30 PM

## പ്രധാന വാർത്തകൾ

- **കാർഷിക മേഖലയെ ശക്തിപ്പെടുത്താനും കർഷക ക്ഷേമത്തിനുമായി പ്രധാൻ മന്ത്രി ധൻ - ധാന്യ കൃഷി യോജനയ്ക്ക് കേന്ദ്രം അംഗീകാരം നൽകിയതായി പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **പ്രധാൻമന്ത്രി കിസാൻ സമ്മാൻ നിധിയുടെ 20-ാം ഗഡു പ്രധാനമന്ത്രി വാരാണസിയിൽ വിതരണം ചെയ്തു.**
- **കേരളത്തിന്റെ സാമൂഹ്യപുരോഗതിക്ക് മലയാള സിനിമ സാംസ്കാരിക ഊർജ്ജം പകർന്ന് നൽകിയതായി മുഖ്യമന്ത്രി പിണറായി വിജയൻ.**
- **ഛത്തീസ്ഗഡിൽ അറസ്റ്റിലായ കന്യാസ്ത്രീകൾക്ക് ബിലാസ്പൂർ NIA കോടതി ജാമ്യം അനുവദിച്ചു.**
- **സംസ്ഥാനത്ത് കഴിഞ്ഞ ദിവസം ദുർബലമായ മഴ വീണ്ടും ശക്തമാകുന്നു. ഇന്ന് നാല് ജില്ലകളിൽ മഞ്ഞ ജാഗ്രത.**
- **ഇന്ത്യ - ഇംഗ്ലണ്ട് അഞ്ചാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയുടെ രണ്ടാം ഇന്നിംഗ്സ് വൈകിട്ട് പുനരാരംഭിക്കും.**

## വാർത്തകൾ വിശദമായി

കാർഷിക മേഖലയെ ശക്തിപ്പെടുത്താനും കർഷക ക്ഷേമത്തിനുമായി കേന്ദ്രഗവൺമെന്റ് പ്രധാൻ മന്ത്രി ധൻ -ധാന്യ കൃഷി യോജനയ്ക്ക് അംഗീകാരം നൽകിയതായി പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. പദ്ധതിയിൽ 24,000 കോടി രൂപ കാർഷിക ക്ഷേമത്തിനും അനുബന്ധ പദ്ധതികൾക്കുമായി പ്രയോജനപ്പെടുത്തും. മുൻ ഗവൺമെന്റുകളുടെ തെറ്റായ നയങ്ങൾ മൂലം

കാർഷിക രംഗത്ത് പിന്നാക്കം പോയ ജില്ലകൾക്ക് ഊന്നൽ നൽകിയായിരിക്കും പദ്ധതി നടപ്പാക്കുകയെന്നും പ്രധാനമന്ത്രി വാരണാസിയിൽ അറിയിച്ചു.

പ്രധാൻമന്ത്രി കിസാൻ സമ്മാൻ നിധിയുടെ 20-ാം ഗഡു വിതരണം ചെയ്യുകയായിരുന്നു അദ്ദേഹം. ഒൻപത് കോടി 70 ലക്ഷത്തിലേറെ കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് രണ്ടായിരം രൂപ വീതമാണ് അദ്ദേഹം കൈമാറിയത്. 20,500 കോടിയിൽപ്പരം രൂപ കർഷകരുടെ അക്കൗണ്ടുകളിലേക്ക് ഇതോടെ എത്തി. 20-ാം ഗഡുവോടെ PM സമ്മാൻനിധിയിൽ വിതരണം ചെയ്ത തുക മൂന്ന് ലക്ഷത്തി തൊണ്ണൂറായിരം കോടി രൂപ കവിഞ്ഞു.

പ്രധാനമന്ത്രി നരേന്ദ്രമോദി വാരണാസിയിൽ 2,200 കോടിയോളം രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കമിട്ടു. പൂർത്തീകരിച്ച പദ്ധതികൾ ഉദ്ഘാടനം ചെയ്ത പ്രധാനമന്ത്രി ഏതാനും പദ്ധതികൾക്ക് തറക്കല്ലിടുകയും ചെയ്തു.

ഇന്ത്യക്ക് നേരെ ആക്രമണത്തിന് തുനിയുന്നവർക്ക് ഒരിടത്തും ഓടിയൊളിക്കാൻ സാധിക്കില്ലെന്ന് ഓപ്പറേഷൻ സിന്ദൂറിലൂടെ ലോകം കണ്ടെന്ന് പ്രധാനമന്ത്രി ചടങ്ങിൽ പറഞ്ഞു. എന്നാൽ രാജ്യത്തെ ചിലർക്ക് ഇന്ത്യയുടെ വിജയത്തെ ഇഷ്ടപ്പെടാൻ കഴിയുന്നില്ല. പാകിസ്ഥാനിലെ ഭീകര കേന്ദ്രങ്ങൾ ഇന്ത്യ നശിപ്പിച്ചത് കോൺഗ്രസിനും മറ്റ് ചിലർക്കും ഉൾക്കൊള്ളാനാവില്ലെന്നും പ്രധാനമന്ത്രി വിമർശിച്ചു.

✪✪✪

കേരളത്തിന്റെ സാമൂഹ്യപുരോഗതിക്ക് വേണ്ട സാംസ്കാരിക ഊർജ്ജം പകരുന്നതിൽ മലയാള സിനിമ വലിയ സംഭാവനകൾ നൽകിയിട്ടുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഇന്ത്യയിലെ പല ഭാഷാ സിനിമകളും ശൈശവ ദശയിൽ പുരാണ കഥകൾ പറഞ്ഞപ്പോൾ ആദ്യ മലയാള സിനിമയായ വിഗതകുമാരനിലും ശബ്ദസിനിമ ബാലനിലും സാമൂഹ്യ പ്രസക്ത പ്രമേയങ്ങളാണ് അവതരിപ്പിച്ചത്. കാഴ്ചക്കാരെ പുരാണകഥകളിലൂടെ സ്വപ്ന സ്വർഗ്ഗങ്ങളിലേക്ക് നയിക്കാൻ ഉതകുന്ന മാധ്യമമായിട്ടും തുടക്കം മുതൽ മലയാള സിനിമ മണ്ണിൽ ഉറച്ചുനിന്നുവെന്നും മുഖ്യമന്ത്രി പറഞ്ഞു. തിരുവനന്തപുരത്ത് നിയമസഭയിലെ R ശങ്കരനാരായണൻ മെമ്പേഴ്സ് ലോഞ്ചിൽ സംസ്ഥാന ചലച്ചിത്ര നയ കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

നവലോകം, നീലക്കുയിൽ, ന്യൂസ്പേപ്പർബോയ്, രാരിച്ചൻ എന്ന പൗരൻ തുടങ്ങിയ സിനിമകൾ സാമൂഹ്യ പ്രതിബദ്ധത വ്യക്തമാക്കിയവയാണ്. സാമൂഹ്യ സാമ്പത്തിക രംഗങ്ങളുമായി ഇഴ ചേർന്ന മലയാള സിനിമയെ കാലത്തിനൊത്ത് നവീകരിക്കേണ്ടതും വിപുലീകരിക്കേണ്ടതും അനിവാര്യതയാണ്. അതിന്

വേണ്ടിയാണ് സംസ്ഥാന ചലച്ചിത നയ കോൺക്ലേവ് സംഘടിപ്പിക്കുന്നതെന്ന് മുഖ്യമന്ത്രി വിശദീകരിച്ചു.

മന്ത്രി സജി ചെറിയാൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ മന്ത്രി V ശിവൻകുട്ടി, ചലച്ചിത്ര താരങ്ങളായ മോഹൻ ലാൽ, സുഹാസിനി, ഓസ്കർ ജേതാവ് റസൂൽ പൂക്കുട്ടി തുടങ്ങിയവർ പങ്കെടുത്തു.

✪✪✪

ഛത്തീസ്ഗഡിൽ അറസ്റ്റിലായ കന്യാസ്ത്രീകൾക്ക് ബിലാസ്പൂർ NIA കോടതി ജാമ്യം അനുവദിച്ചു. സിസ്റ്റർ പ്രീതി മേരി, വന്ദന ഫ്രാൻസിസ് എന്നിവരെ ജൂലൈ 24നാണ് ഛത്തീസ്ഗഡ് പൊലീസ് മനുഷ്യക്കടത്ത്, മതപരിവർത്തന കുറ്റങ്ങൾ ആരോപിച്ച് അറസ്റ്റ് ചെയ്തത്. കഴിഞ്ഞ ഒമ്പത് ദിവസമായി അവർ ജുഡീഷ്യൽ കസ്റ്റഡിയിൽ ജയിലിൽ കഴിയുകയായിരുന്നു.

✪✪✪

സ്വാതന്ത്ര്യ ദിനത്തോട് അനുബന്ധിച്ച് രാഷ്ട്രപതി ഭവനിലെ അറ്റ് ഹോം റിസപ്ഷനിൽ പങ്കെടുക്കാൻ മൻ കി ബാതിൽ പരാമർശിച്ച ലക്ഷദ്വീപിലെ മുതിർന്ന നഴ്സ് ഹിന്ദുംബിക്ക് ഔദ്യോഗിക ക്ഷണക്കത്ത് ലഭിച്ചു. 2022-23ലെ ദേശീയ ഫ്ലോറൻസ് നൈറ്റിംഗേൽ അവാർഡ് ജേതാവ് കൂടിയാണ് ഹിന്ദുംബി. ഏറെ സന്തോഷത്തോടെയും അഭിമാനത്തോടെയും ക്ഷണം സ്വീകരിക്കുന്നതായി ഹിന്ദുംബി പറഞ്ഞു.

✪✪✪

സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ പതിനഞ്ചാം വാർഷികാഘോഷം മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു. പേരൂർക്കട S.A.P പരേഡ് ഗ്രൗണ്ടിലെ പരേഡിൽ മുഖ്യമന്ത്രി അഭിവാദ്യം സ്വീകരിച്ചു.

✪✪✪

ഇന്നലെ അന്തരിച്ച ചലച്ചിത്ര നടനും മിമിക്രി താരവുമായ കലാഭവൻ നവാസിന് സാംസ്കാരിക കേരളത്തിന്റെ അന്ത്യാഞ്ജലി. സമൂഹത്തിലെ വിവിധ മേഖലകളിലെ പ്രമുഖർ അദ്ദേഹത്തിന് അന്ത്യാഞ്ജലി അർപ്പിച്ചു. അഭിനയിച്ചു കൊണ്ടിരിക്കുന്ന പ്രകമ്പനം എന്ന സിനിമയുടെ ഷൂട്ടിംഗ് കഴിഞ്ഞ് ചോറ്റാനിക്കരയിലെ മുറിയിലേക്ക് പോയ നവാസിനെ മരിച്ച നിലയിൽ കണ്ടെത്തുകയായിരുന്നു. മിമിക്രി വേദികളിലൂടെ മലയാളികൾക്ക് സുപരിചിതനായ കലാഭവൻ നവാസ് 1995 ൽ ചൈതന്യം എന്ന ചിത്രത്തിലൂടെയാണ് സിനിമയിലെത്തുന്നത്.

വൈകീട്ട് നാലുമുതൽ 5.45 വരെ ആലുവ ടൗൺ ജുമാ മസ്ജിദിലെ പൊതുദർശനത്തിന് ശേഷം മൃതദേഹം സംസ്കരിക്കും.

✪✪✪

ജമ്മു കശ്മീരിൽ സുരക്ഷാസേന ഒരു ഭീകരനെ എറ്റുമുട്ടലിൽ വധിച്ചു. കുൽഗാം ജില്ലയിലെ അഖൽ ദേവ്സാർ പ്രദേശത്ത് പുലർച്ചെയാണ് സുരക്ഷാ സേനയും ഭീകരരും ഏറ്റുമുട്ടിയത്.

✪✪✪

സംസ്ഥാനത്ത് കഴിഞ്ഞ ദിവസങ്ങളിൽ ദുർബലമായ മഴ വീണ്ടും ശക്തമാകുന്നു. ഇന്ന് നാല് ജില്ലകളിലും നാളെ ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

ആകാശവാണി വാർത്തകൾക്ക് വേണ്ടി തിരുവനന്തപുരം ന്യൂസ് ഡെസ്കിൽ നിന്ന് M. സ്മിതി.

-------വോയ്സ്-------

✪✪✪

കോഴിക്കോട്ട് ഖാസി ഫൗണ്ടേഷൻ സംഘടിപ്പിക്കുന്ന പ്രവാസി സംഗമം വൈകിട്ട് മന്ത്രി.V. അബ്ദുറഹിമാൻ ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ 'കിടപ്പാടം ഭവന പദ്ധതി' രണ്ടാം ഘട്ടം മന്ത്രി AK ശശീന്ദ്രനും ഉദ്ഘാടനം ചെയ്യും.

✪✪✪

വടക്കാഞ്ചേരി മണ്ഡലം പട്ടയ മേള വൈകീട്ട് മന്ത്രി K രാജൻ ഉദ്ഘാടനം ചെയ്യും. നിയോജക മണ്ഡലത്തിലെ താമസക്കാരായ 530 കുടുംബങ്ങൾക്ക് ചടങ്ങിൽ പട്ടയം വിതരണം ചെയ്യും.

✪✪✪

മുണ്ടക്കൈ-ചൂരൽമല ദുരന്തത്തിൽ മരിച്ചവരെ സംസ്കരിച്ച പുത്തുമലയിൽ പൊതു പ്രാർത്ഥനാമന്ദിരം നിർമ്മിക്കാൻ ഗവൺമെന്റ് ഭരണാനുമതി നൽകി. ദുരന്തബാധിതരുടെ സൗജന്യ ചികിൽസാപദ്ധതി ഡിസംബർ 31 വരെ ദീർഘിപ്പിക്കാനും തീരുമാനിച്ചു. തുടർ ചികിൽസാ പദ്ധതിക്ക് ആറുകോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിച്ചിട്ടുണ്ട്.

✪✪✪

ഇന്ത്യ - ഇംഗ്ലണ്ട് പരമ്പരയിലെ അവസാന ക്രിക്കറ്റ് ടെസ്റ്റിൽ രണ്ട് വിക്കറ്റിന് 75 റൺസെന്ന നിലയിൽ ഇന്ത്യ ഇന്ന് രണ്ടാം ഇന്നിംഗ്സ് പുനരാരംഭിക്കും. ഉച്ച

കഴിഞ്ഞ് മൂന്നരയ്ക്കാണ് മത്സരം. ഇന്നലെ ആദ്യ ഇന്നിങ്സിൽ ഇന്ത്യ ഇംഗ്ലണ്ടിനെ 247 റൺസിന് പുറത്താക്കി. ഇന്ത്യ ഒന്നാം ഇന്നിംഗ്സിൽ 224 റൺസ് എടുത്തിരുന്നു.

✪✪✪

ലോക സൗഹൃദ ദിനാചരണത്തിന്റെ ഭാഗമായി ഹരിത കേരള മിഷന്റെ നേതൃത്വത്തിൽ കണ്ണൂർ ജില്ലയിൽ വിവിധ ഇടങ്ങളിൽ ഒന്നര ലക്ഷം തൈകൾ നട്ടുപിടിപ്പിക്കുന്നു.

വിശദ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി KO.ശശിധരൻ..

.........വോയ്സ്.....

ചങ്ങാതിക്കായി ഒരുതൈ എന്ന പേരിൽ സൗഹൃദത്തെ ഒരു മഹാവൃക്ഷമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് തൈകൾ നട്ടുപിടിപ്പിക്കുന്നത് . തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും സഹകരണത്തോടെയാണ് തൈകൾ വെച്ചു പിടിപ്പിക്കുക. നാളെ ജില്ലയിലെ വിദ്യാലയങ്ങളില് 25400 തൈകൾ നടും. വിദ്യാർത്ഥികൾ തൈകൾ പരസ്പരം കൈമാറികൊണ്ടാണ് നട്ടുപിടിപ്പിക്കുക. തദ്ദേശ സ്ഥാപനങ്ങളുടെ നേതൃതവത്തില തിങ്കളാഴ്ചയാണ് തൈകൾ വെച്ചു പിടിപ്പിക്കുന്ന ചടങ്ങുകൾ നടക്കുക.

പിലാത്തറ കോ. ഓപ്പറേറ്റീവ് കോളേജ് എൻ എസ് എസ് വിഭാഗം ഉൽപാദിപ്പിച്ച വൃക്ഷത്തൈകളാണ് വിതരണം ചെയ്യുന്നത്. ജില്ലയിൽ എല്ലാ ബ്ലോക്ക് തലങ്ങളിലും പഞ്ചായത്ത് തലങ്ങളിലും തൈ കൈമാറ്റത്തിന്റെ ഉദ്ഘാടനം നടക്കും.

സെപ്റ്റംബർ 30 നകം ഒരുകോടി വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള ഒരു തൈ നടാം ക്യാമ്പയിൻ ജില്ലയിൽ പുരോഗമിക്കുകയാണ്. ഇതിനകം 2,48,545 വൃക്ഷ തൈകൾ ജില്ലയിൽ നട്ടുകഴിഞ്ഞു.

✪✪✪

മലപ്പുറം ജില്ലയിലെ എടക്കര - നാടുകാണി ചുരം അന്തർസംസ്ഥാന റോഡ് നവീകരണത്തിന് തമിഴ്നാട് ഗവൺമെന്റ് ആറ് കോടി അനുവദിച്ചു. വഴിക്കടവ് മുതൽ തമിഴ്നാട് അതിർത്തിവരെ നാടുകാണി ചുരം കേരളം നവീകരിച്ചിരുന്നു. തമിഴ്നാട് ഭാഗത്തെ തകർന്ന റോഡിന്റെ പ്രവൃത്തിക്കാണ് ഇപ്പോൾ ഫണ്ട് ലഭിച്ചത്.

✪✪✪

ആറന്മുള ക്ഷേത്രത്തിലെ ഊട്ടുപുരയിൽ 250 രൂപയുടെ ടിക്കറ്റ് നൽകി വള്ള സദ്യയിൽ പങ്കെടുപ്പിക്കുന്ന സ്പെഷ്യൽ വള്ളസദ്യകൾ നിർത്തി വെച്ചു. പള്ളിയോട സേവാ സംഘത്തിന്റെ എതിർപ്പ് പരിഗണിച്ചാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് തീരുമാനം.

കൂടിയാലോചനകൾക്ക് ശേഷം എല്ലാവരുടേയും സഹകരണത്തോടെ കൂപ്പൺ നൽകി വള്ളസദ്യകൾ പുനരാരംഭിക്കുമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അംഗം A അജിത് കുമാർ അറിയിച്ചു.

✪✪✪

പശുക്കടവ് കോങ്ങാട് മലയിൽ കാണാതായ പശുവിനെ തേടി പോയ യുവതിയെ ഇന്നലെ അർദ്ധരാത്രി ആളൊഴിഞ്ഞ പറമ്പിൽ മരിച്ച നിലയിൽ കണ്ടെത്തി.

ചൂളപറമ്പിൽ ഷിജുവിന്റെ ഭാര്യ ബോബിയുടെ മൃതശരീരത്തിന് സമീപം വളർത്ത് പശുവിനെയും ചത്ത നിലയിൽ കണ്ടെത്തിയിരുന്നു.

✪✪✪

ഓണക്കാലത്തെ വ്യാജ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും സംഭരണവും വിപണനവും കള്ളക്കടത്തും തടയാൻ ഈ മാസം നാല് മുതൽ സെപ്റ്റംബർ 10 വരെ കണ്ണൂരിൽ എക്സൈസ്, സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ് നടത്തും. എക്സൈസ് പ്രിവന്റീവ് ഓഫീസറുടെ നേതൃത്വത്തിൽ 24 മണിക്കൂറും പ്രവൃത്തിക്കുന്ന ജില്ലാതല കൺട്രോൾ റൂം ഡിവിഷൻ ഓഫീസിൽ ആഗസ്റ്റ് നാലിന് രാവിലെ എട്ട് മുതൽ പ്രവർത്തനം ആരംഭിക്കും.

✪✪✪

*News Editor : ശ്രുതി എം*
*News Reader: രജിന കെ*
*NRT: അനിൽ ചന്ദ്രൻ*
*DEO: സി കെ സുബോധ്*